പഴമ്പാലക്കോട് പ്രാഥമികാരോഗ്യ കേന്ദ്രം

1092 [1740] ശ്രീ എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴമ്പാലക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിനുവേണ്ടി 1978-ൽ ഒന്നര ലക്ഷം രൂപ ചെലവാക്കി പണികഴിപ്പിച്ച 12 കിടക്കകളോടുകൂടിയ വാർഡ് അത്യാവശ്യമായ അറ്റകുറ്റപണികൾ നടത്താത്തതുമൂലം ഉപയോഗശൂന്യമായി കിടക്കുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വാർഡ് കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തി ഉപയോഗപ്രദമാക്കാൻ ഇതിനകം വല്ല നടപടിയും സ്വീകരിച്ചോ;

(സി) എങ്കിൽ എന്തൊക്കെ പരിപാടികൾ എന്നു വ്യക്തമാക്കുമോ;

(ഡി) ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ഇല്ലാത്തതുമൂലം ഈ പ്രദേശത്തെ രോഗികൾ 15 കിലോമീറ്റർ അകലെയുള്ള പഴയന്നൂർ (തൃശ്ശൂർ ജില്ല) ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്ന ദുസ്ഥിതിക്ക് അടിയന്തിരമായും പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. വാർഡിൽ ഇപ്പോഴും രോഗികളെ കിടത്തി ചികിൽസ നടത്തുന്നുണ്ട്.

(ബി) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി, ഡി) സാധാരണ ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 15,000 രൂപയ്ക്കുള്ള മരുന്നു മാത്രമാണ് ഒരു വർഷത്തേക്ക് നൽകുന്നത്. എന്നാൽ ഈ കേന്ദ്രത്തിലേക്ക് ഇക്കൊല്ലം 35,000 രൂപയുടെ മരുന്നുകൾ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം നഗരശുചീകരണം

1093 [1741] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ അതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിലെ ശുചീകരണപ്രവർത്തനം അടുത്തകാലത്തായി മന്ദീഭവിച്ചിരിക്കുകയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നഗരത്തിലെ പല ഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള 'ഡസ്റ്റ്ബിൻ' ഇപ്പോൾ കാണാനില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആവശ്യമുള്ള സ്ഥലങ്ങളിൽ മലിനപദാർത്ഥങ്ങൾ നിക്ഷേപിക്കാൻ വേണ്ടത്ര ഡസ്റ്റ്ബിൻ സ്ഥാപിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ ശുചീകരണ പ്രവർത്തനങ്ങളും മന്ദീഭവിച്ചിട്ടില്ല. അടുത്ത കാലത്തായി കൂടുതൽ വാഹനങ്ങളും ഉപയോഗിച്ചും കൂടതൽ ജോലിക്കാരെ നിയമിച്ചും ശുചീകരണ പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഉപയോഗശൂന്യമായ 'ഡസ്റ്റുബിന്നു'കളും മാറ്റിയിട്ടു പകരം പുതിയ ഡസ്റ്റുബിന്നുകളും വയ്ക്കുന്നുണ്ട്.

(സി) കൂടുതൽ ഡസ്റ്റുബിന്നുകളും വയ്ക്കുന്നതിനുവേണ്ടി കൂടുതൽ ഡസ്റ്റുബിന്നുകളും ഉണ്ടാക്കാൻ നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ട്.

പത്തനാപുരം ഗവൺമെൻറ് ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കാൻ നിർദ്ദേശം

1094 [1742] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം ഗവൺമെൻറ് ഡിസ്പെൻസറിക്ക് പുതിയ കെടിടം കെട്ടി സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനാപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു വാർഡ് കെട്ടുന്നതിന് ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തിക പരിമിതിമൂലം കിടക്കകളും വർദ്ധിപ്പിക്കാൻ തൽക്കാലം നിവർത്തിയില്ല.

(സി) ഉദിക്കുന്നില്ല.

ചിത്രാ മെഡിക്കൽ സെൻററിലെ നിയമനം

095 [1743] ശ്രീ. എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാ മെഡിക്കൽ സെൻററിലെ ഡയറക്ടറുടെ സെക്രട്ടറി എന്ന തസ്തികയിൽ നിയമനം നടത്തിയത് അഡ്വർട്ടൈസ് ചെയ്ത ശേഷമാണോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

ഉത്തരം

(എ) അല്ല.

(ബി) മെഡിക്കൽ സെൻററിന്റെ രൂപീകരണസമയത്ത് എക്സിക്യൂട്ടീവ് ഡയറക്ടറുടെ സ്റ്റെനോഗ്രാഫറായി, കേരള സർക്കാരിൽ 18 വർഷം സർവ്വീസുള്ള ഒരു വ്യക്തിയാണ് ഡെപ്യൂട്ടേഷനിൽ നിയമിതനായത്.

LIBRARY ARCHIVES Kerala Legislative Assembly